പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1640

16.03.2015-ൽ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫണ്ട് വിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.പുരുഷൻ കടലുണ്ടി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫണ്ട് അനുവദിക്കുന്നതിനും ചെലവഴിക്കുന്നതിനുമുള്ള നടപടിക്രമങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ; | എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്പണം ഇപ്പോൾ റവന്യൂ അക്കൗണ്ടിൽ നിന്നും റിലീസ് ചെയ്ത് അവയുടെ പബ്ലിക് അക്കൗണ്ടിൽ പാർക്ക് ചെയ്യുന്നത് സംസ്ഥാനത്തിന്റെ റവന്യൂ ഡെഫിസിറ്റിന് കാരണമാകുന്നു എന്ന് കാണുന്നതിനാൽ സംസ്ഥാന റവന്യൂ ഡഫിസിറ്റ് നിയന്ത്രിക്കാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ, പബ്ലിക് അക്കൗണ്ടുകൾക്ക് പകരം, പുതിയ ഒരു റവന്യൂ അക്കൗണ്ടിൽ നിന്നും ധനവിനിയോഗം അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| ബി) നിലവിലുള്ള രീതിയിൽ മാറ്റം വരുന്നതോടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണ പദവി നഷ്ടപ്പെടുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത നടപടി ഭരണഘടനാ ഭേദഗതിയുടെ അന്തസത്തയ്ക്ക് യോജിക്കുന്നതാണോ ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(....2)

| | |
|---|---|
| സി) മാറ്റത്തിന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ് ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | സി) സംസ്ഥാന ഖജനാവ് അഭിമുഖീകരിക്കുന്ന സാമ്പത്തിക വെല്ലുവിളികൾ തരണം ചെയ്യുന്നതിനുള്ള ധനവിനിയോഗ നിയന്ത്രണ നടപടികളുടെ ഭാഗമായാണ് ഇങ്ങനെ തീരുമാനിക്കാൻ കാരണം. |

സെക്ഷൻ ഓഫീസർ